(സി) ഉണ്ടെങ്കിൽ ഓരോരുത്തരുടെയും കാപ്പി ഈ സഭയിലെ സാമാജികന്മാരുടെ ഇടയിൽ വിതരണം ചെയ്യാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പട്ടിക മേശപ്പുറത്തു് വച്ചിട്ടുണ്ടു്. †

(ബി) അയച്ചുകൊടുത്തിട്ടുണ്ടു്.

(സി) നിയമസഭാ സാമാജികന്മാരുടെ ഇടയിൽ വിതരണം ചെയ്യുന്നതിനു പകർപ്പുകൾ അസംബ്ലി സെക്രട്ടറിയേറ്റിൽ എത്തിച്ചിട്ടുണ്ടു്.

അദ്ധ്യാപകരെ പിരിച്ചുവിടൽ.

* 859. [79] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സഭയെ മറുപടി പറയുമോ:

(എ) പ്രൈവറ്റ മാനേജുമെൻറു് സെക്കൻഡറി സ്കൂളുകളിൽ നിന്നു് ഈ അദ്ധ്യയനവർഷത്തിൽ വല്ല അദ്ധ്യാപകരേയും പിരിച്ചുവിട്ടതായി വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്ങനെ പിരിച്ചുവിടപ്പെട്ട അദ്ധ്യാപകന്മാരുടെ ആകെ എണ്ണം എത്ര;

(സി) പി. എസ്സു്. എസ്സു്. സ്കീം അനുസരിച്ചു് അക്സീഡു ചെയ്ത എത്ര സ്കൂളുകളിൽനിന്നു് അദ്ധ്യാപകന്മാരെ പിരിച്ചുവിട്ടിട്ടുണ്ടു്.

(ഡി) അങ്ങനെയുള്ള സ്കൂളുകൾ ഏതെല്ലാം;

(ഇ) പി. എസ്സു്. ററി. എ–യോ അതുപോലെ മറേതെങ്കിലും അദ്ധ്യാപകസംഘടനയോ പിരിച്ചുവിടൽ സംബന്ധിച്ചു് വല്ല നിവേദനവും സമർപ്പിച്ചിട്ടുണ്ടോ;

(എഫു്) വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറു് ഇടപെട്ടു് പിരിച്ചുവിടപ്പെട്ട അദ്ധ്യാപകരിൽ, ആരെയെങ്കിലും തിരിച്ചെടുപ്പിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ എത്രപേരെ ഏതേതു സ്കൂളുകളിൽ;

(എച്ചു്) ഇല്ലെങ്കിൽ പ്രസ്തുത പ്രൈവറ്റസ്കൂൾ മാനേജുമെൻറിന്റെ മേൽ എന്തു നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി., സി., ഡി.) ഈ ചോദ്യങ്ങൾക്കു് ഉത്തരം പറയുന്നതിനുള്ള വിവരശേഖരണങ്ങൾ ശേഖരിക്കുന്നതിനുള്ള സമയവും ശ്രമവും നോക്കിയാൽ അത്ര വലുതായ ഒരു പ്രയോജനം ഉണ്ടാകുമെന്നു തോന്നുന്നില്ല.

(ഇ., എഫു്) ഉണ്ടു്.

(ജി) മുകളിൽ (ബി), (സി), (ഡി) ഭാഗങ്ങൾക്കു് കൊടുത്തിട്ടുള്ള ഉത്തരം നോക്കുക.

(എച്ചു്) തിരിച്ചെടുപ്പിക്കുന്ന കാര്യത്തിൽ വേണ്ട അന്വേഷണങ്ങൾ പൂർത്തിയായതിനുശേഷം മാത്രമേ മാനേജുമെൻറിന്റെ മേൽ എടുക്കേണ്ട നടപടികളെപ്പറ്റി തീരുമാനിക്കാൻ നിവൃത്തിയുള്ളൂ.

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly